പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1373 | | 06.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ സംസ്കരണ സംവിധാനങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എസ്.ശർമ്മ<br>,, എ.എം.ആരിഫ്<br>,, പുരുഷൻ കടലുണ്ടി<br>,, ഐ.ബി.സതീഷ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള മാലിന്യസംസ്കരണ സംവിധാനങ്ങൾ ഫലവത്താക്കുന്നതിനു വേണ്ടി രൂപീകരിച്ച ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഏതു തരത്തിലാണ് എന്ന് അറിയിക്കാമോ; എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ; | (എ) | ഹരിതകർമ്മസേനയുടെ പ്രവർത്തന രീതി ചുവടെ ചേർക്കുന്നു:<br>• വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് മേൽനോട്ടം വഹിക്കുക.<br>• സ്ഥാപിക്കപ്പെട്ട സംവിധാനങ്ങൾ ക്രമ പ്രകാരമാണോയെന്ന് പരിശോധിക്കുക.<br>• നിലവിൽ ചില വീടുകളിലും സ്ഥാപനങ്ങളിലുമുള്ള പ്രവർത്തനക്ഷമമല്ലാത്ത മാലിന്യ സംസ്കരണ ഉപാധികളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന യോഗ്യമാക്കുക.<br>• കമ്പോസ്റ്റിംഗ് രീതി സ്വീകരിക്കുന്ന വീടുകളിലും സ്ഥാപനങ്ങളിലും മാസത്തിലൊരിക്കൽ അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിക്കൽ.<br>• എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ അജൈവ മാലിന്യ ശേഖരണം<br>• പൊതു മാലിന്യ സംസ്കരണ സംവിധാനത്തിൽ പറഞ്ഞിരിക്കുന്ന സേവനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നുവെങ്കിൽ ഏറ്റെടുത്ത് നടപ്പിലാക്കൽ.<br>• മലിന ജലം ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങളുടെ ദ്രവ മാലിന്യ സംസ്കരണ സംവിധാനം ശരിയായി പ്രവർത്തിക്കുന്നുവെന്ന് |

| | | | |
|---|---|---|---|
| | | | മാസത്തിൽ രണ്ടുതവണ പരിശോധിക്കുകയും ശുദ്ധീകരിക്കാത്ത മലിന ജലം പൊതു സ്ഥലത്തേക്കോ, ജലശേഖരങ്ങളിലേക്കോ ഒഴുക്കുന്നില്ലെന്നും എവിടെയും തളംകെട്ടി നിർത്തുന്നില്ലെന്നും ഉറപ്പാക്കുന്നതിനുള്ള നടപടികൾ .<br>• ഇതിൽ വീഴ്ച വരുത്തുന്നവർക്ക് പിഴ ചുമത്തുന്നതിനും പ്രവർത്തനാനുമതി നിഷേധിക്കുന്നതിനും തദ്ദേശ സ്ഥാപനത്തിന് റിപ്പോർട്ട് നൽകൽ.<br>• ഗ്രീൻ പ്രോട്ടോകോളുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകൽ.<br>• മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഹരിതകേരള മിഷൻ നിശ്ചയിക്കുന്ന മാതൃകയിലും, ഇടവേളകളിലും തദ്ദേശ സ്ഥാപനത്തിനും, ഹരിതസഹായ സ്ഥാപനത്തിനും കൈമാറൽ.<br>• ബോധവത്കരണ പ്രവർത്തനങ്ങൾ നടപിലാക്കൽ.<br>• സ്വാപ്പ് ഷോപ്പ്, റിപ്പയർ ഷോപ്പുകൾ, പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങളുടെ ഉത്പാദന യൂണിറ്റുകൾ ഇവയുടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.<br>എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതകർമ്മ സേന രൂപീകരിച്ചിട്ടില്ല. തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | **ജൈവ മാലിന്യ സംസ്കരണത്തിനായുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതി, ഉദ്ദേശിച്ച രീതിയിൽ വിജയിക്കാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളുടെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ;** | (ബി) | ജൈവ മാലിന്യ സംസ്കരണത്തിനുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ പ്രവർത്തനവും നിർവ്വഹണ കാര്യങ്ങളും പുരോഗതിയും വിലയിരുത്തിയിട്ടുണ്ട്. നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളുടെ ആവശ്യകത പരിശോധിക്കുകയും ഇതിനായി നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (സി) | **തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാസ്റ്റിക് നിരോധന പദ്ധതി, ബദൽ ഉല്പന്നങ്ങളുടെ അഭാവത്തിൽ വേണ്ടത്ര വിജയിക്കാതെ പോയതിനാൽ ഉപയോഗശൂന്യമായ** | (സി) | ഹരിത കേരളം മിഷന്റെ ഭാഗമായി രൂപീകരിക്കുന്ന ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വീടുകളിൽ നിന്നും |

| | | |
|---|---|---|
| | പ്ലാസ്റ്റിക് ശേഖരിച്ച് പുനരുപയോഗത്തിനായുള്ള പദ്ധതികൾ കാര്യക്ഷമമാക്കാൻ വേണ്ട ഇടപെടൽ നടത്തുമോ എന്ന് അറിയിക്കാമോ? | സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് അടക്കമുള്ള അജൈവ മാലിന്യം ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് ബ്ലോക്ക് തല റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ എത്തിച്ച് രണ്ടാം തരംതിരിവിന് ശേഷം ക്ലീൻ കേരള കമ്പനിയുടെ സഹായത്താൽ പുന:ചംക്രമണത്തിന് കൈമാറുകയും പു:നചംക്രമണത്തിന് വിധേയമല്ലാത്ത പ്ലാസ്റ്റിക്ക് വസ്തുക്കൾ ഷ്രെഡ്ഡ് ചെയ്ത റോഡ് ടാറിംഗിനായി കൈമാറുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ